## മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം

## മൃഗസംരക്ഷണവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

മൃഗസംരക്ഷണവകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം- ഡ്രൈവർ, ഡ്രൈവർ കം ഓപ്പറേറ്റർ തുടങ്ങിയ സമാന തസ്തികകളിലെ 31/12/2013 നിലവച്ചുള്ള താൽക്കാലിക മുൻഗണനാപ്പട്ടിക അന്തിമമാക്കി ഉത്തരവാകുന്നു.

---

നമ്പർജെ1/20941/15/ജീ.കാ./കെ.ഡിസ്. തീയതി: 18/03/2016

---

പരാമർശം: 1.മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 27/04/2015ലെ ജെ1/10343/ജീ.കാ/കെ.ഡിസ് നമ്പർ ഉത്തരവ്.

2. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 18/08/2015 ലെ ജെ1/20941/15 നമ്പർ ഉത്തരവ്.

### ഉത്തരവ്

മൃഗസംരക്ഷണ വകുപ്പിലെ ഡ്രൈവർ, ഡ്രൈവർ കം ഓപ്പറേറ്റർ തുടങ്ങിയ സമാന തസ്തികകളിലെ 31/12/2012 നിലവച്ചുള്ള അന്തിമ മുൻഗണനാപ്പട്ടിക പരാമർശം(1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. ഇതിന് തുടർച്ചയായി ഡ്രൈവർ, ഡ്രൈവർ കം ഓപ്പറേറ്റർ തസ്തിക 31/12/2013 നിലവച്ചുള്ള താൽക്കാലികമുൻഗണനാപട്ടിക പരാമർശം ( 2) പ്രകാരം പ്രസിദ്ധീകരിച്ചു. ടി ലിസ്റ്റിൽ എന്തെങ്കിലും ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ആയത് നിശ്ചിതപ്രൊഫോർമയിൽ 45 ദിവസത്തിനുള്ളിൽ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

തുടർന്ന് ലഭിച്ച പരാതികളും ആക്ഷേപങ്ങളും നിർദ്ദേശങ്ങളും വിശദമായി പരിശോധിച്ച് വേണ്ട ഉൾച്ചേർപ്പുകൾ നടത്തി പട്ടിക അന്തിമമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ 31/12/2013 നിലവച്ച് പ്രസിദ്ധീകരിച്ച ഡ്രൈവർ, ഡ്രൈവർ കം ഓപ്പറേറ്റർ തുടങ്ങിയ സമാന തസ്തികകളിലെ താൽക്കാലിക മുൻഗണനാപട്ടിക അന്തിമമാക്കി അംഗീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടി ഉത്തരവ് കേരള ഗസറ്റിലും വകുപ്പിന്റെ www.ahdkerala.gov.in എന്ന വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നതാണ്. എല്ലാ ജില്ലാഓഫീസർമാരും ഈ ലിസ്റ്റ് ഡൗൺലോഡ് ചെയ്ത് ബന്ധപ്പെട്ട ജീവനക്കാർക്കിടയിൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

(ഒപ്പ് )
ഡോ.എസ്.ചന്ദ്രൻകുട്ടി
മൃഗസംരക്ഷണവകുപ്പ്ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്(നിയന്ത്രണണഉദ്യോഗസ്ഥൻ മുഖേന)
ഐ.റ്റി. നോഡൽഓഫീസർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ

//അംഗീകാരത്തോടെ//
സീനിയർസൂപ്രണ്ട്

ബി.എസ് : ..../03/2016